## പതിനാലാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5269.** **15/11/2019 -ൽ മറുപടിക്ക്**

**<u>മലയിൻകീഴ് മാധവകവി മെമ്മോറിയൽ കോളേജിന്റെ നവീകരണം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.ബി. സതീഷ് | ഡോ.കെ.ടി.ജലീൽ<br>( ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) മലയിൻകീഴ് മാധവ കവി മെമ്മോറിയൽ കോളേജിന്റെ നവീകരണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) 21.11.2018 ന് വർക്ക് ഓർഡർ നൽകുകയും 19.1.2019 ന് കരാർ ഒപ്പ് വയ്ക്കുകയും 16.5.2019 ന് സൈറ്റ് ലഭ്യമാക്കുകയും ചെയ്തുവെങ്കിലും ചില സാങ്കേതിക തടസ്സങ്ങൾ കാരണം തുടർന്ന് പ്രൊജക്റ്റിന്റെ രൂപഘടനയിൽ മാറ്റങ്ങൾ വരുത്തേണ്ട തായിട്ടുണ്ട് |
| (ബി) നിർമ്മാണപ്രവർത്തനങ്ങളുടെ മേൽനോട്ട ചുമതലകൾ ആർക്കാണെന്ന് വ്യക്തമാക്കാമോ; | (ബി) കൈറ്റിനാണ് നിർമ്മാണ ചുമതല നൽകിയിട്ടുള്ളത്. |
| (സി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) Gents Hostel കെട്ടിടത്തിന് നിശ്ചയിച്ചിരുന്ന സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സാങ്കേതികമായി ബുദ്ധിമുട്ടുള്ളതായി കൈറ്റ് അധികൃതർ റിപ്പോർട്ട് ചെയ്യുകയും പകരം കണ്ടെത്തിയ സ്ഥലത്ത് നിൽക്കുന്ന 46 മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള അനുമതി വനം വകുപ്പിനോട് തേടിയിട്ടുള്ളതാണ്. സാങ്കേതിക തടസ്സങ്ങൾ കാരണം പ്രോജക്റ്റിന്റെ രൂപഘടനയിൽ മാറ്റം വരുത്തേണ്ടതായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**